"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാണക്കാരി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.എം. ആന്റണിക്കെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.683/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 09/03/2021

പരാമർശം:-
1 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19/10/2015 ലെ E5(QV/26/15/ERK)25815/14 നമ്പർ പരിശോധനാ റിപ്പോർട്ട്

2 27/04/2016 തീയതിയിലെ ഇപിബി2/33/2016 നമ്പർ കുറ്റപത്രം

3. ശ്രീ. ടി.എം. ആന്റണിയുടെ 01/10/2016 തിയതിയിലെ എതിർവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 28/01/2017 ലെ എവിഎസ് 7016/2016 നമ്പർ കത്ത്

5 01/09/2018 തീയതിയിലെ ഇപിബി2/33/2016 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6 ശ്രീ. ടി.എം. ആന്റണി യുടെ 09/11/2018,29/02/2020 തീയതികളിലെ മറുപടി

7 പഞ്ചായത്ത് ഡയറക്ടറുടെ 28/02/2020 ലെ പിഎഎൻ/21894/2018 - ഡി5(ഡിപി) നമ്പർ കത്ത്

ഉത്തരവ്

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.റ്റി.എം.ആന്റണി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റിന് തുടർന്ന് പ്രവർത്തിക്കാൻ അനുമതി നൽകി എന്ന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1) റിപ്പോർട്ടിനെ തുടർന്ന് ടിയാന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും അതിന്മേൽ ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു.

ടി ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസർ, ഫയർ & റെസ്ക്യൂ സർവ്വീസ് എന്നിവിടങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രവും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും ഉണ്ടായിരുന്നുവെന്നും ഇപ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമപ്രകാരമാണ് ലൈസൻസ് അനുവദിച്ചതെന്ന് ടിയാൻ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ഹോളോ ബ്രിക്സ് നിർമ്മാണ കമ്പനിയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡ് 10.5 HP മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ ശ്രീ. റ്റി. എം ആന്റണി 13 HP മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് അപേക്ഷ ലഭിച്ച 05.04.2013-ന് തന്നെ അനുമതി നൽകിയെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സ്ഥല പരിശോധന നടത്തിയപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ 11.5 HP മോട്ടോർ പ്രവർത്തിക്കുന്നതായി കണ്ടെത്തിയെന്നുമാണ് ശ്രീ. ആന്റണിയ്ക്ക് നൽകിയ കുറ്റാരോപണപത്രികയിൽ പറയുന്നത്. മേൽ കുറ്റം ഖണ്ഡിക്കുന്നതിന് പര്യാപ്തമായ യാതൊന്നും ടിയാന്റെ പ്രതിവാദ പത്രികയിലോ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിലോ പരാമർശിക്കുന്നില്ല

എന്ന് കണ്ടെത്തുകയുണ്ടായി.

ശ്രീ.റ്റി.എം ആന്റണിക്കെതിരെ അച്ചടക്ക നടപടി തുടർന്ന് വരവേ 30.11.2015-ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ KCS & CCA Rules പ്രകാരം 27.04.2016 തീയതിയിൽ ടിയാന് കുറ്റാരോപണ മെമ്മോ നൽകി ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കാൻ തീരുമാനമെടുത്തും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200 രൂപാ വീതം ആജീവനാന്തം കുറവ് ചെയ്യുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ടും പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി കെ.എസ്.ആർ ഭാഗം III ചട്ടം 59 (ബി) പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ചു.

പ്രസ്തുത കാരണംകാണിക്കൽ നോട്ടീസിന് ശ്രീ. റ്റി.എം ആന്റണി പ്രതിവാദ പത്രിക സമർപ്പിക്കുകയും , പഞ്ചായത്ത് ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. പ്രസ്തുത പ്രതിവാദ പത്രികയിൽ ശ്രീ. ടി.എം ആന്റണി 01.09.2012 മുതൽ 11.06.2013 വരെയും 05.08.2013 മുതൽ 17.11.2015 വരെയുമാണ് കാണക്കാരി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ശ്രീ. പദ്മലോചലൻ, ഹോളോ ബ്രിക്സ് യൂണിറ്റിന്റെ ലൈസൻസ് 2013-14 വർഷത്തേക്ക് പുതുക്കുന്നതിനായി കാണക്കാരി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുന്നത് 11.03.2013-നാണ്. അപേക്ഷയിൽ 13 HP മോട്ടോർ ഉപയോഗിക്കുന്നതിനാണ് അപേക്ഷിച്ചിരുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച അനുബന്ധ രേഖകളുടെയും, പഞ്ചായത്ത് കമ്മിറ്റിയുടെ 14.05.2013 തീയതിയിലെ 4-ആം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് 10.5 HP യുടെ മോട്ടോർ ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് സിമന്റ് കട്ട നിർമ്മാണത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്നും സ്പഷ്ടമാക്കിയിട്ടുണ്ട്.

കാരണംകാണിക്കൽ നോട്ടീസിൽ 05.04.2013-ന് 13 HP മോട്ടോർ ഉപയോഗിച്ച് ഹോളോ ബ്രിക്സ് നിർമ്മാണത്തിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിച്ചെന്നും അന്ന് തന്നെ ലൈസൻസ് അനുവദിച്ചെന്നും പറയുന്നു. എന്നാൽ അപേക്ഷ ലഭിച്ചത് 11.03.2013- നാണ്. കൂടാതെ ലൈസൻസ് അനുവദിച്ചത് 14.05.2013 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ശേഷവുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല, 13 HP മോട്ടോർ ഉപയോഗിക്കുന്നതിന് അപേക്ഷിച്ചിരുന്നെങ്കിലും 10.5 HP മോട്ടോർ ഉപയോഗിക്കാനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 10.5 HP ക്ക് അനുമതി നൽകിയ സ്ഥാനത്ത് 11.5 HP ഉപയോഗിക്കുന്നതായി പരിശോധനാ വേളയിൽ കണ്ടെത്തുകയുണ്ടായി. 1 HP യുടെ മോട്ടോർ കിണറ്റിൽ താഴ്ത്തി സ്ഥാപിച്ച് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശപ്രകാരം പൊടി പറക്കുന്നത് തടയുന്നതിന് ഉടമ നടപടി സ്വീകരിച്ചതിനാലാണ് ആകെ 11.5 HP ആയി കണക്കാക്കിയതെന്ന് ബോധ്യപ്പെട്ടതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീ. റ്റി.എം ആന്റണിയുടെ അപേക്ഷ പരിഗണിച്ച് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ ലൈസൻസ് നൽകിയ നടപടി നടപടിക്രമങ്ങൾ പാലിച്ചാണെന്നു ശ്രീ. റ്റി.എം ആന്റണി വ്യക്തമാക്കുകയുണ്ടായി. 22.06.2011-ലെ XIX-ആം നമ്പർ തീരുമാനപ്രകാരം 01.07.2011-ലാണ് 2011-12 വർഷത്തേക്ക് ശ്രീ. റ്റി.എം ആന്റണിയുടെ മുൻഗാമി ഹോളോ ബ്ലോക്ക് നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത് എന്നും സമർപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ കുറിക്കുന്ന വസ്തുതകൾ വ്യക്തമായിട്ടുണ്ട്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി പാലിച്ച് 2013-14 വർഷത്തേക്ക് 10.5 HP മോട്ടോർ ഉപയോഗിക്കുന്നതിന് അനുവാദം നൽകി 18.05.2013-ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. കാണക്കാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2013-ലെ A2-1200/13 നമ്പർ ഓഫീസ് ഉത്തരവിൽ 2013-14 വർഷത്തിൽ ശ്രീ. പദ്മലോചലന് ലൈസൻസ് പുതുക്കി നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുന്നു. 21.06.2012-ൽ Pollution Control Board അനുവദിച്ച consent to operate അനുമതി 31.12.2014 വരെയായിരുന്നു. ലൈസൻസിനായി ശ്രീ. പദ്മലോചനൻ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് 11.03.2013-നാണെന്നു പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത ലൈസൻസിന് 30.03.2013-ലെ 2141-ആം നമ്പർ രസീത് പ്രകാരം ഫീസ് ഒടുക്കിയതായി ലൈസൻസ് അപേക്ഷയിൽ രേഖപെടുത്തിയിക്കുന്നു. 14.05.2013-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും ആവശ്യമായ മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ 18.05.2013-ലെ A2/93/14 നമ്പരായി 30.12.2014 വരെ (അതായത് Pollution Control Board അനുവദിച്ച consent to

operate അനുമതി ലഭിച്ചതു വരെ) ലൈസൻസ് പുതുക്കി നൽകുകയുണ്ടായി. 11.03.2013-ൽ സമർപ്പിച്ച അപേക്ഷ കാണാതിരുന്നതിനാലാണ് 18.05.2013-ൽ മറ്റൊരു അപേക്ഷ കൂടി എഴുതി വാങ്ങിയതെന്ന ശ്രീ. ആന്റണിയുടെ വാദം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു. 13 HP മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായാണ് അപേക്ഷ സമർപ്പിച്ചതെങ്കിലും 10.5 HP പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്.

ശ്രീ. ആന്റണിക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി മേൽ വസ്തുതകൾ പരിശോധിച്ചതിൽ നിന്നും ഹോളോ ബ്രിക്സ് നിർമ്മാണ കമ്പനിയ്ക്ക് ലൈസൻസ് നൽകുന്ന നടപടികളിലേക്ക് എത്തിച്ചേരുന്നതിന് മുൻപായി ടി സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി, ജില്ലാ മെഡിക്കൽ ഓഫീസർ, ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് എന്നിവിടങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ, വിശദമായ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, അഡ്വക്കേറ്റിൽ നിന്നുള്ള നിയമോപദേശം, പരാതിക്കാരനുമായി നടത്തിയ ഹിയറിംഗ്, ഹെൽത്ത് ഇൻസ്പെക്ടർ അടക്കമുള്ള പഞ്ചായത്തിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ പരിശോധന, ബഹു. ഹൈക്കോടതി വിധി പറഞ്ഞതും നിലവിലുണ്ടായിരുന്നതുമായ കേസുകളും സംബന്ധിച്ച കാര്യങ്ങൾ എന്നിവ വിശദമായി പ്രതിപാദിച്ച 18.05.2013-ൽ എ2-1200/13 നമ്പറായി ഓഫീസ് ഉത്തരവ് തയ്യാറാക്കിയാണ് സെക്രട്ടറി ലൈസൻസ് നൽകുന്നതിന് തീരുമാനമെടുത്തത് എന്ന് ബോധ്യപ്പെട്ടു. മേൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചും ലഭ്യമായ മുഴുവൻ വിവരങ്ങളും പരിശോധിച്ചുമാണ് സെക്രട്ടറി ലൈസൻസ് നൽകിയതെന്നു കാണാവുന്നതാണ്. ടി വസ്തുതകൾ പരിഗണിച്ച് ശ്രീ. റ്റി.എം ആന്റണിയുടെ ഭാഗത്തു നിന്ന് ടിയാന്റെ പെൻഷനിൽ കുറവ് വരുത്തത്തക്ക വിധം ഗുരുതരമായ കൃത്യവിലോപമോ, അച്ചടക്ക രാഹിത്യമോ ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തി ടിയാനെതിരെ KSR ഭാഗം III ചട്ടം 59 (ബി) പ്രകാരം ആരംഭിച്ച നടപടി അവസാനിപ്പിക്കുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ട് വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് വിജിലൻസ് വകുപ്പ് ഭരണ വകുപ്പിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിച്ച് കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.എം.ആന്റണിക്കെതിരെ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റിന് പ്രവർത്തനാനുമതി നൽകി എന്ന വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് KSR ഭാഗം III ചട്ടം 59 (ബി) പ്രകാരം ആരംഭിച്ച നടപടി അവസാനിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ശ്രീ. റ്റി.എം. ആന്റണി, കാണക്കാരി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ് (28.9.2020 ലെ VIG D3/23/2017 VIG കുറിപ്പ് പ്രകാരം)

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.03.10 15:25:55 IST
Reason: Approved

സെക്ഷൻ ഓഫീസർ